"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2374 — 12.03.2020 ൽ മറുപടിയ്ക്ക്

വനവിസ്തൃതി കൂട്ടുന്നതിനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും വന്യജീവിശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ വനം വകുപ്പ് ഏറ്റെടുത്ത് വനവിസ്തൃതി കൂട്ടുന്നതിനുള്ള പദ്ധതിക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിൽ കൊല്ലിവയൽ, ചുളളിക്കാട്, മാടാപറമ്പ്, മണൽവയൽ എന്നീ സ്ഥലങ്ങളിലെ 93 കുടുംബങ്ങളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുന:രധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, അർഹതപ്പെട്ട 93 കുടുംബങ്ങൾക്കായി ഉദ്ദേശം 1,395 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സൈലന്റ് വാലി ഡിവിഷൻ പരിധിയിൽ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ എസ്റ്റേറ്റായ കെ.പി. എസ്റ്റേറ്റ്, എം.ആർ.എഫ്. എസ്റ്റേറ്റ് എന്നിവ "റീബിൽഡ് കേരള" പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിന്, യഥാക്രമം, 323.7520-ഉം 1399.1908-ഉം ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്ക് എത്ര തുക ലഭ്യമായിട്ടുണ്ട്; ഇതിനായി കേന്ദ്ര സർക്കാർ സഹായം ലഭിച്ചിട്ടുണ്ടോ; | (ബി) | വകയിരുത്തിയ തുക ലഭ്യമായിട്ടില്ല. ഈ പദ്ധതിക്ക് പ്രത്യേകിച്ച് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പദ്ധതി പ്രകാരം എത്ര ആളുകളുടെ എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ | (സി) | മേൽ പദ്ധതി പ്രകാരം സൈലന്റ് വാലിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഒന്ന് 8 പേരുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റും (140.469ഹെക്ടർ, സർവ്വേ നം.1959, പാലക്കയം വില്ലേജ്) രണ്ടാമത്തേത് ഒരാളുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റുമാണ് (101.174 ഹെക്ടർ, സർവ്വേ നമ്പർ. 185/1, മണ്ണാർക്കാട് വില്ലേജ്).<br><br>സൗത്ത് വയനാട് ഡിവിഷനിൽ മേൽ പദ്ധതിക്കായി 9 3 എലിജിബിൽ കുടുംബങ്ങളുടെ 37.15 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് കൂടാതെ, നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയ്ഞ്ചിന് കീഴിൽ 6 വ്യക്തികളുടെതായി 117.71 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. കണ്ണൂർ ഡിവിഷനിൽ 1 3 3 കുടുംബങ്ങളുടെ കൈവശമുള്ള 72.864 ഹെക്ടർ സ്ഥലവും കാസർഗോഡ് ഡിവിഷനിൽ 5 6 പേരുടെ കൈവശമുള്ള 38.32 ഹെക്ടർ സ്ഥലവും കോഴിക്കോട് ഡിവിഷനിൽ 144 കുടുംബത്തിന്റെ കൈവശമുള്ള 117.94 ഹെക്ടർ സ്ഥലവും ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (ഡി) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | അനുമതി ലഭ്യമാക്കിയ ശേഷം സർവ്വെ നടപടികളും സ്ഥലത്തിന്റെ സ്റ്റാറ്റസ് ഉറപ്പുവരുത്തുന്ന നടപടികളും പൂർത്തിയാക്കി, ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ